# കാറ്റഗറി നമ്പർ : 614/2022

## ഒന്നാം എൻ.സി.എ വിജ്ഞാപനം

### (നേരിട്ടുള്ള നിയമനം വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

താഴെപ്പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള താഴെപ്പറയുന്ന സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വെബ്സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ് .

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് |
| 2. | ഉദ്യോഗപ്പേര് | : | ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) (ട്രെയിനി) |
| 3. | ശമ്പളം | : | **₹27,900 – 63,700/-** |
| 4. | ഒഴിവുകളുടെ എണ്ണം | : | സംസ്ഥാനതലം<br>വിശ്വകർമ്മ-01 (ഒന്ന്) |

കുറിപ്പ്:

*i)* ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ നൽകുന്നതല്ല.

*ii)* ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിനു റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

*iii)* മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് താഴെ പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശുപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ ആയിരിക്കും.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധീകരിച്ച തീയതിയും | കാറ്റഗറി നമ്പർ |
|---|---|
| 540/2019/ER IX dated 10.10.2019 | 70/2017 |

**5.** നിയമനരീതി

നേരിട്ടുള്ള നിയമനം.

(വിശ്വകർമ്മ സമുദായത്തിൽ നിന്നു മാത്രം).

കുറിപ്പ്:

മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

<u>കുറിപ്പ് :</u>

സ്ത്രീകളും ഭിന്നശേഷി വിഭാഗക്കാരും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

**6.** പ്രായപരിധി

**18–29;** വിശ്വകർമ്മ സമുദായത്തിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1993 നും 01.01.2004 –നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (ജനറൽ റൂളിലെ ചട്ടം 10 ഉപചട്ടം (സി) യിൽ പരാമർശിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

**7.** യോഗ്യതകൾ:

i) (a) പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

കുറിപ്പ് : *i) KS & SSR Part II Rule 10(a) (ii)* ബാധകമാണ്

(ii) ഹെവി ഡ്യൂട്ടി പാസഞ്ചർ വാഹനങ്ങളോ ഹെവി ഗുഡ്സ് വാഹനങ്ങളോ ഓടിക്കുന്നതിന് നിലവിലുള്ള ബാഡ്ജോടുകൂടിയ സാധുവായ മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

കുറിപ്പ്: അപേക്ഷ അയയ്ക്കുന്ന അവസാനതീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, കായികക്ഷമതാ പരീക്ഷ, ഇന്റർവ്യൂ തുടങ്ങി എല്ലാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലും ഉദ്യോഗാർത്ഥിയ്ക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

അഭിലഷണീയം: കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമ

കുറിപ്പ്*:*

*(i)* ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) <u>ശാരീരിക അളവുകൾ</u>

| | |
|---|---|
| ഉയരം (പാദരക്ഷകളില്ലാതെ) | 165 സെ.മീ |
| തൂക്കം | 50 കി.ഗ്രാം |
| നെഞ്ചളവ് | 81 സെ.മീ |
| നെഞ്ച് വികാസം | 5 സെ.മീ |

കായികക്ഷമതാ പരീക്ഷ/പ്രായോഗിക പരീക്ഷ എന്നിവയ്ക്ക് മുന്നോടിയായി ശാരീരിക അളവെടുപ്പ് നടത്തുന്നതായിരിക്കും. നിശ്ചിത ശാരീരിക അളവില്ലാത്ത ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുമ്പോൾ അപകടങ്ങൾ, മുറിവുകൾ സംഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വീണ്ടും അവസരം നൽകുന്നതല്ല.

(iv) <u>കാഴ്ചശക്തി (കണ്ണട വയ്ക്കാതെ)</u>

| | വലതു കണ്ണ് | ഇടതു കണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

കുറിപ്പ്*:*

*i)* ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ ഏതെങ്കിലും കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

*ii)* മുകളിൽ പറയുന്ന വിധത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി ഒഫ്ത്താൽമോളജിസ്റ്റ് സാക്ഷ്യപ്പെടുത്തിയിരിക്കണം. ആയതും കായികശേഷി, ആയാസകരമായ പുറം ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, എന്നിവ സംബന്ധിച്ച് സിവിൽ സർജൻ റാങ്കിന് താഴെയല്ലാത്ത ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

## PART A – STANDARD OF VISION

**(To be filled by an Ophthalmologist in Government Service)**

(a) Is there any defect of vision?

If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

(b) Can the applicant readily distinguish the pigmentary colours red and green?

(c) Does the applicant suffer from any night blindness?

I have this day, medically examined Sri...................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Fire and Rescue Officer (Driver) and his standards of vision are as follows.

**Standards of vision**

**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ……………… Snellen | ……………… Snellen |
| 2) | Near Vision | ……………… Snellen | ……………… Snellen |

3) Field of Vision …………………………………
(Specify whether full or not. Entry 'Normal', 'Good' etc. will be inappropriate)

4) Colour Vision…………………………………………
5) Squint …………………………………………………
6) Any morbid conditions of the years or lids of either eye ……………………………

His standards of vision are fit for the post of Fire and Rescue Officer (Driver).

I certify to the best of my knowledge and belief that the applicant Sri…………………….. is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

PHOTO OF THE CANDIDATE

Place: Signature
Date: Name & Designation of Medical Officer
with official Address

*Office Seal*

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. *Vision – 'Normal'/'Good'/'Average'* മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## PART B - PHYSICAL FITNESS FOR THE POST OF FIRE AND RESCUE OFFICER (DRIVER)

***(To be filled up by a Medical Officer not below the rank of a Civil Surgeon)***

1. What is the applicant's apparent age ?

2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to effect his efficiency ?

3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver ?

4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver ?

6. State of Muscles and Joints (No paralysis and all joints with free movements)

7. State of Nervous System (Perfectly normal and free from any infectious diseases)

8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?

9. Marks of Identification 1) ……………………………………………………

2) ……………………………………………………

He is physically fit for the post of Fire and Rescue Officer (Driver)

I certify to the best of my knowledge and belief that the applicant Sri................................. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| Photo of the candidate |
|---|

Signature*:*

*Place:* Name & Designation of Medical Officer

*Date:* with official Address

*(Seal)*

(v) <u>കായികക്ഷമതാ പരീക്ഷ</u>

ഉദ്യോഗാർത്ഥികളുടെ കായികക്ഷമതാ വിലയിരുത്തുന്നതിനായി കമ്മീഷൻ ഒരു കായികക്ഷമതാ പരീക്ഷ നടത്തുന്നതായിരിക്കും. ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന 8 ഇനങ്ങൾ ഉൾപ്പെടുന്ന കായിക ക്ഷമതാ പരീക്ഷയിൽ 5 ഇനങ്ങളിൽ വിജയിക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

(vi) ഡ്രൈവിംഗ് പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

**8.** മുൻഗണന:

മറ്റു തരത്തിൽ തുല്യമാകുന്ന പക്ഷം ഹോം ഗാർഡായി മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത ഹോംഗാർഡ് വോളന്റിയർമാർക്ക് ഈ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

**9.** പ്രൊബേഷൻ:

ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയശേഷം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

10. ട്രെയിനിംഗ് :

സ്റ്റേറ്റ് ഫയർ സർവീസ് ട്രെയിനിംഗ് സ്കൂളിൽ നാലു മാസത്തെ പരിശീലനം പൂർത്തിയാക്കേണ്ടതും അതിനുശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

കുറിപ്പ്:

ട്രെയിനിംഗ് കാലയളവിന്റെ അവസാനം ഒരു എഴുത്തുപരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും പരാജയപ്പെട്ട വിഷയങ്ങളിൽ വീണ്ടും ടെസ്റ്റ് നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്നവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്.

11. ബോണ്ട് :

ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനുശേഷം കുറഞ്ഞത് 5 വർഷമെങ്കിലും നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ 2700/- രൂപ സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് നിയമന സമയത്ത് നൽകേണ്ടതാണ്.

12. അപേക്ഷ സമർപ്പിക്കുന്ന രീതി:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **'Apply Now'** -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-നോ അതിനുശേഷമോ എടുത്തതായിരിക്കണം. 01.01.2022 നോ അതിനുശേഷമോ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ ഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിലെ **'My Applications'** എന്ന ലിങ്കിൽ **click** ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്കു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ ഒരിക്കൽ സമർപ്പിക്കപ്പെട്ട വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

13. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

14. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **01.02.2023** ബുധനാഴ്ച രാത്രി 12.00 മണി വരെ

15. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. പരീക്ഷ എഴുതുന്നതു സംബന്ധിച്ച സ്ഥിരീകരണം നിശ്ചിത സമയത്തിനുള്ളിൽ നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

കുറിപ്പ് ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ